**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1358** **14-03-2022 - ൽ മറുപടിയ്ക്ക്**

**കെ-ടെറ്റ് ഇല്ലാത്ത അദ്ധ്യാപകരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ സർവ്വീസിലുള്ള 2012 മുതൽ 2020 മാർച്ച് 31 വരെ നിയമിതരായ അദ്ധ്യാപകരുടെ പ്രബേഷൻ ഡിക്ലറേഷൻ, ഇൻക്രിമെന്റ് എന്നീ ആനുകൂല്യങ്ങൾ കെ-ടെറ്റ് ഇല്ലാത്ത കാരണത്താൽ തടഞ്ഞുവച്ചതായുള്ള റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 19/02/2021 ലെ സ.ഉ(കൈ) നം.104/2021/ പൊ.വി.വ പ്രകാരം എയ്ഡഡ് സ്കൂളുകളിൽ 01.06.2012 മുതൽ 31.03.2020 വരെ നിയമിതരായ, നിയമനസമയത്ത് കെ-ടെറ്റ് യോഗ്യതയില്ലാതിരുന്ന ടീച്ചർമാർ, സർക്കാർ അനുവദിച്ച സമയപരിധിയ്ക്കുള്ളിൽ പ്രസ്തുത യോഗ്യത ആർജ്ജിച്ചിട്ടുള്ള പക്ഷം, അവരെ കെ.ഇ.ആർ അധ്യായം XIV A ചട്ടം 3 ൽ അനുശാസിക്കുന്ന തരത്തിൽ തന്നെ നിർദ്ദിഷ്ടയോഗ്യത ഉള്ളവരായി കണക്കാക്കി, അവരുടെ പ്രൊബേഷൻ ഡിക്ലറേഷൻ, ഇൻക്രിമെന്റ് എന്നിവ കെ.ഇ.ആർ അധ്യായം XIV A യിലെ ബന്ധപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പരിഗണിച്ച് തീർപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് നൽകിയ 01.10.2011-ലെ 199/2011.പൊ.വി.വ.നമ്പർ ഉത്തരവ് അനുസരിച്ചുള്ള പരിഗണന 2012 മുതൽ 2020 മാർച്ച് 31 വരെ നിയമിതരായ അദ്ധ്യാപകർക്കും നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | പ്രപ്പോസൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ